പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *129 11.02.2013 ൽ മറുപടിയ്ക്ക്**

**<u>കാർഷിക വായ്പാ ജാമ്യ പ്രമാണങ്ങൾ തിരികെ നൽകാൻ നടപടി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച് കടാശ്വാസം അനുവദിച്ചിട്ടുള്ള കർഷകർ ബാങ്കുകൾക്കുള്ള വിഹിതം കമ്മീഷൻ നിർദ്ദേശാനുസരണം അടച്ച് തീർത്തിട്ടും വസ്തുവിന്റെ ആധാരമുൾപ്പെടെയുള്ള ജാമ്യ പ്രമാണങ്ങൾ ബാങ്കുകൾ തിരികെ നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ ഇത്തരം പരാതി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) | ഉണ്ട്. കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കർഷകൻ വിഹിതം അടച്ചുകഴിഞ്ഞാൽ പ്രസ്തുത അന്തിമ ഉത്തരവ് പ്രകാരമുള്ള സർക്കാർ വിഹിതം ലഭിക്കുന്നതിന് കാത്തിരിക്കാതെ, ബാങ്കിൽ ഈട് വച്ചിട്ടുള്ള പ്രമാണം തിരികെ നല്കേണ്ടതാണെന്ന് 11.09.2012 ലെ ജി.ഒ. (ആർറ്റി.) നം.1788/2012/എഡി പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ, കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ പ്രമാണം തിരികെ നല്കേണ്ടതാണെന്ന് 18.10.2012 ലെ 41/2012 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**